# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 509

09.02.2016- ലെ മറുപടിക്ക്

**<u>സഹകരണ മേഖലയിൽ സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങൾ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>" | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയുടെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) സഹകരണ സ്ഥാപനങ്ങളെ കൂടുതൽ ജനോപകാര സ്ഥാപനങ്ങളാക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) സഹകരണ സ്ഥാപനങ്ങളെ കൂടുതൽ ജനോപകാര സ്ഥാപനങ്ങളാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു: |

i) **<u>എന്റെ സംഘം ക്യാമ്പയിൻ</u>**

എന്റെ സംഘം ക്യാംപയിൻ 2014 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയാണ് നടപ്പാക്കിയത്. ഓരോ വ്യക്തിക്കും താൻ അംഗമായ സംഘത്തോടുള്ള ആത്മബന്ധം ശക്തിപെടുത്തുന്നതോടൊപ്പം സംഘത്തിന്റെ പ്രവർത്തന തലങ്ങളിലും ആവശ്യമായ കാര്യക്ഷമത ഉറപ്പാക്കുന്നതിനും ഈ ക്യാംപയനിലൂടെ ഉദ്ദേശിച്ചിരുന്നു. സംഘത്തിന്റെ അ ടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ ഉൾകൊള്ളിച്ചു സൂക്ഷിക്കുന്നതിനും വായ്പ, നിക്ഷേപപ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും, കുടിശ്ശിക നിവാരണ സംവിധാനം ക്രമീകരിക്കുന്നതിനും,ലൈബ്രറികളുടെ പ്രവർത്തനം സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനം ഇവ ശക്തിപ്പെടുത്തുന്നതിനും, കമ്പ്യൂട്ടർ വത്ക്കരണം ത്വരിതപെടുത്തുന്നതിനും സാദ്ധ്യമായ മറ്റ് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ടിരുന്നു. സഹകരണ

ന്നതിനും ലക്ഷ്യമിട്ടിരുന്നു. സഹകരണ മേഖലയും ജനങ്ങളും തമ്മിലുള്ള ആത്മബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി സഹകരണത്തിന്റെ ആത്മാവിനെ തൊട്ടറിയുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമായിരുന്നു

**സ്വയം സഹായ സംഘങ്ങൾക്കുള്ള ധന സഹായം**

പ്രാദേശിക കൂട്ടായ്മയും, പ്രാദേശിക സമ്പദ്ഘടനയും ശക്തിപ്പെടുത്തുന്നതിന് സഹകരണ മേഖലയിൽ സ്വയം സഹായ സംഘങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് സർക്കാർ ധനസഹായമായി പരമാവധി 2 ലക്ഷം രൂപ നല്കി വരുന്നു. 2011-12 ൽ 25,10,000/- രൂപയും, 2012-13 ൽ 59,48,000/-രൂപയും, 2013-14 -ൽ 18,99,000/- രൂപയും ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട് കൂടാതെ മേഖലാടിസ്ഥാനത്തിൽ വിപണന മേളകൾ സംഘടിപ്പിക്കുകയും ചെയ്തു.

**ii) സംയോജിത സഹകരണ വികസന പദ്ധതി**

ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ സാദ്ധ്യമാക്കുന്ന സംയോജിത സഹകരണ വികസന പദ്ധതി വിജയകരമായി എല്ലാ ജില്ലകളിലും പൂർത്തിയാക്കി. ഇൻഡ്യയിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ മാത്രം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ രണ്ടാം ഘട്ടം വയനാട് ജില്ലയിൽ പൂർത്തിയാക്കി. ഇടുക്കി, പാലക്കാട്, തൃശൂർ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**iii) കൺസ്യൂമർഫെഡിന്റെ സേവനം.**

കൺസ്യൂമർഫെഡ് വഴി കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും വിലക്കയറ്റ വിരുദ്ധ വിപണികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. കൂടുതൽ ത്രിവേണി-നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഫ്ളോട്ടിംഗ് ത്രിവേണികൾ, നീതി മെഡിക്കൽ

സ്റ്റോറുകൾ എന്നിവ ഉൾപ്പെടെയുളള യൂണിറ്റുകൾ ആരംഭിക്കുകയും ഉത്സവകാല വിപണനകേന്ദ്രങ്ങൾ നടത്തുക വഴി ഉപഭോക്തൃമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു ഈ സർക്കാർ ഇതിനകം **279.50** കോടി രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഇതിനു പുറമെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി **50** കോടി രൂപയുടെ എൻ.സി.ഡി.സി ധനസഹായവും നല്കിയിട്ടുണ്ട്

## iv) <u>ആശ്വാസ് പദ്ധതി</u>

സഹകരണ സംഘങ്ങളുടേയും ബാങ്കുകളുടേയും വായ്പാകുടിശ്ശിക കുറയ്ക്കുക, കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസം നല്കുക എന്നീ ലക്ഷ്യങ്ങളോടെ 2011, 2012, 2014, 2015 വർഷങ്ങളിൽ നടപ്പിലാക്കിയ ആശ്വാസ് പദ്ധതിയിലൂടെ **6082.19** കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുന്നതിനും, **935.14** കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകുന്നതിനും കഴിഞ്ഞു. 2016 വർഷത്തെ പദ്ധതി ജനുവരി 1 മുതൽ മാർച്ച് 31 വരെ നടപ്പിലാക്കി വരുന്നു.

## v) <u>മിഷൻ 676</u>

സഹകരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കാർഷികരംഗത്തും, ദുർബല ജനവിഭാഗത്തിന്റെ ക്ഷേമത്തിനും, സംഘങ്ങളുടെ ശാക്തീകരണത്തിനും വിവിധ **ക്ഷേമ** പ്രവർത്തനത്തിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ **മിഷൻ 676** പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

## vi) <u>പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല</u>

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേപ്പിന്റെ കീഴിൽ 8 എൻജിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും, ഒരു ഫിനിഷിംഗ് കോളേജും, ഒരു ആശുപത്രിയും പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് മുട്ടത്തറയിലും, തൃശൂരിൽ വടക്കാഞ്ചേരിയിലും പുതിയ എൻജിനീയറിംഗ് കോളേജിനുളള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ കേച്ചേരിയിൽ ഒരു ഫാർമസി കോളേജും ആരംഭിച്ചിട്ടുണ്ട്

....4

## vii) ആലില/സുവർണ്ണകേരളം

സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി 5 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുവാൻ 'ആലില' പദ്ധതി സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി. കൂടാതെ നൂതനവും, ആരോഗ്യകരവുമായ കൃഷി രീതികളിലൂടെ പച്ചക്കറി കൃഷി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കി **'സുവർണ്ണകേരളം'** പദ്ധതിയും സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വീടുകളിൽ അടുക്കളത്തോട്ടനിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവയിലൂടെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

## viii) നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്

സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും കേരള സഹകരണ നിക്ഷേപ സുരക്ഷാനിധിയും ആയത് നടപ്പിൽ വരുത്തുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡും രൂപീകരിച്ചു. ഒന്നര ലക്ഷം രൂപാ വരെയുള്ള നിക്ഷേപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരന്റി നൽകി വരുന്നു. നിലവിൽ ഈ സ്കീമിൽ 1870 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 70,60,49,032 രൂപ സമാഹരിച്ചിട്ടുണ്ട്.

## ix) ഓപ്പറേഷൻ കുബേര

സ്വകാര്യപണമിടപാടുകാരുടെയും അമിതപലിശക്കാരുടെയും ചൂഷണത്തിൽ നിന്നും സാധാരണ ജനവിഭാഗത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ കുബേര' പദ്ധതി വിജയിപ്പിക്കുന്നതിലേക്ക്

സഹകരണ വകുപ്പ് പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. നിലവിലുള്ള വായ്പാ വിതരണവ്യവസ്ഥകളും മാനദണ്ഡങ്ങളും കൂടുതൽ ഉദാരമാക്കി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്ക് ഉദാരവ്യവസ്ഥയിലും കുറഞ്ഞ പലിശ നിരക്കിലും സഹകരണ സ്ഥാപനങ്ങളിലൂടെ വായ്പ ലഭ്യമാക്കാൻ കഴിഞ്ഞത് സഹകരണ വകുപ്പിന്റെ മാതൃകാപരമായ പ്രവർത്തനമായിരുന്നു.

### x) ഉത്തേജനപലിശ ഇളവ്

ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 'ഉത്തേജന പലിശയിളവ് പദ്ധതി' യിൽ പലിശ ഇളവ് ലഭിക്കുന്നു. സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ആനുകൂല്യത്തിന് അർഹത 2012—ൽ ഈ പദ്ധതിയിലൂടെ 3 കോടി 63 ലക്ഷം രൂപയും 2014 -2015 ൽ 1 കോടി രൂപയും 2015-16 ൽ 1 കോടി രൂപയും പലിശയിളവ് കർഷകർക്ക് നല്കിയിട്ടുണ്ട്.

### xi) റിസ്ക്ക് ഫണ്ട് പദ്ധതി

സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് മരണപ്പെടുന്നവരുടേയും മാരകരോഗം ബാധിച്ചു കഷ്ടപ്പെടുന്നവരുടേയും വായ്പാ ബാധ്യത നിബന്ധനകൾക്കു വിധേയമായി എഴുതിത്തള്ളുന്ന പദ്ധതിയാണ് റിസ്ക്ക് ഫണ്ട് പദ്ധതി. റിസ്ക്ക് ഫണ്ടിൽ നിന്നും നല്കുന്ന ധനസഹായത്തിന്റെ പരമാവധി പരിധി ഒരു ലക്ഷം രൂപയിൽ നിന്നും ഒന്നരലക്ഷം രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചു. കൂടാതെ മാരകരോഗങ്ങൾമൂലം ശയ്യാവലംബരായവർക്ക് 75,000/-രൂപ വരെയുള്ള വായ്പാ ബാദ്ധ്യത എഴുതി തള്ളുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തി. ഈ സർക്കാരിന്റെ കാലത്ത് 23052 വായ്പക്കാർക്കായി 156.65 കോടി രൂപ ധനസഹായം നല്കിയിട്ടുണ്ട് നിലവിലുള്ള റിസ്ക് ഫണ്ട് ആനുകൂല്യത്തിന്റെ പരിധി 2 ലക്ഷം രൂപ ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## xii) സഹകരണ റിലീഫ് ഫണ്ട്

സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതിക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളിലെയും അർഹരായ അംഗങ്ങൾക്ക് ആശ്വാസ ധനസഹായ വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിലേക്കുള്ള ഫണ്ട് സ്വരൂപിച്ചു വരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്ത വ്യക്തി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബത്തിന് എന്തെല്ലാം ആശ്വാസ നടപടികൾ ചെയ്തു കൊടുക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നില്ക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിച്ച് ടി അംഗങ്ങളെ വായ്പ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പാ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാൻ നടപടി സ്വീകരിക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. ആശ്വാസ്

സഹകരണ സംഘങ്ങളുടേയും ബാങ്കുകളുടേയും വായ്പാകുടിശ്ശിക കുറയ്ക്കുക, കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസം നല്കുക എന്നീ ലക്ഷ്യങ്ങളോടെ 2011, 2012, 2014, 2015 **വർഷ**ങ്ങളിൽ നടപ്പിലാക്കിയ ആശ്വാസ് പദ്ധതിയിലൂടെ **6082.19** കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുന്നതിനും, **935.14** കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകുന്നതിനും കഴിഞ്ഞു. 2016-ൽ ജനുവരി 1 മുതൽ മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## 2. നിക്ഷേപരംഗത്ത് ഉണർവ്വ്

കേരളത്തിലെ സഹകരണമേഖല ദേശീയതലത്തിൽപോലും ശ്രദ്ധിക്കപ്പെടുന്നത് നിക്ഷേപരംഗത്തെ മികച്ച പ്രവർത്തനം കൊണ്ടാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പാശ്ചാത്തലത്തിൽപോലും നമ്മുടെ സഹകരണ നിക്ഷേപമേഖലയുടെ വളർച്ച അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ **31.12.2015** വരെയുള്ള ആകെ നിക്ഷേപം **1,54,526,91** കോടി രൂപ ആണ്. സഹകരണ മേഖലയിലെ വായ്പാ-നിക്ഷേപ അനുപാതവും വളരെ ഉയർന്നതാണ്.

## 3. ഉണർവ്വ്

ദീർഘകാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും സഹകരണ സംഘങ്ങളിൽ നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നിയമാനുസൃത നടപടി മുഖേന നീക്കം ചെയ്യുന്നതിനുള്ള **'ഉണർവ്വ്'** തീവ്രയത്ന പരിപാടി നടപ്പിലാക്കി. ഉണർവ്വ് ക്യാമ്പയിനിലൂടെ സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിൽ ദീർഘകാലമായി തുടർ നടപടിയി ല്ലാതെ ഓഡിറ്റ് തടഞ്ഞിരുന്ന 29234.12 ലക്ഷം രൂപ ഓഡിറ്റ്സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് 2512 പ്രൊപ്പോസലുകൾ അംഗീകരിച്ചു നല്കിയിട്ടുണ്ട്.

## 4. മുഖാമുഖം

സഹകരണമേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന്സഹകാരികളുമായി നേരിട്ട് ആശയവിനിമയം നൽകുന്നതിനായി എല്ലാ ജില്ലകളിലും മുഖാമുഖം പരിപാടി സംഘടിപ്പിക്കുകയും ഈ പരിപാടിയുടെ അന്തസ്സത്ത ഉൾക്കൊണ്ട് സഹകരണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുകയുണ്ടായി.

## 5. വിവിധ കടാശ്വാസപദ്ധതികൾ

ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് ഉത്തേജന പലിശയിളവ് പദ്ധതി, സഹകരണ സംഘങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള പട്ടികജാതി-പട്ടികവിഭാഗ ത്തിപ്പെട്ടവർക്കുള്ള കടാശ്വാസ പദ്ധതി മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക കടാശ്വാസ പദ്ധതി എന്നിവ നടപ്പിലാക്കി.

പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്കുള്ള കടാശ്വാസ പദ്ധതിപ്രകാരം 31.3.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ 50,000 രൂപ വരെയുള്ള കടബാദ്ധ്യതയും 31.3.2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും കടശ്വാസം നൽകുന്നതിന് സർക്കാർ അനുവദിച്ച 12 കോടി രൂപ അർഹമായ വായ്പക്കാർക്ക് നൽകുന്നതിന് സഹകരണ രജിസ്ട്രാർ നടപടി സ്വീകരിച്ചുവരുന്നു.

### 6. പൗരാവകാശരേഖയും, സേവനാവകാശ നിയമവും

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ പൗരാവകാശരേഖ' പ്രസിദ്ധീകരിച്ചു. കൂടാതെ, സേവനാവകാശ നിയമപ്രകാരം, വകുപ്പിൽ നിന്നും നല്കുന്ന സേവനങ്ങൾ, അവ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ ഉൾപ്പെടുത്തി സേവനാവകാശനിയമവും നടപ്പിലാക്കി.

### 7 .മിഷൻ 676

സഹകരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കാർഷികരംഗത്തും, ദുർബല ജനവിഭാഗത്തിന്റെ ക്ഷേമത്തിനും,സംഘങ്ങളുടെ ശാക്തീകരണത്തിനും വിവിധ ക്ഷേമപ്രവർ ത്തനത്തിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ **മിഷൻ 676** പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

### 8.കേരള ഓ-ഓപ്പറേറ്റീവ്സ്-വിഷൻ 2025

സഹകരണ മേഖലയുടെ സമഗ്രമായ വളർച്ചയും വികസനവും ലക്ഷ്യമാക്കി പുതിയ പ്രവർത്തനപദ്ധതികൾക്ക് രൂപം നല്കുന്നതിലേയ്ക്കായി **'വിഷൻ 2025'** ശില്പശാല 2015 ആഗസ്റ്റ് 22,23,24 തീയതികളിൽ മൂന്നാറിൽ സംഘടിപ്പിച്ചു.

ശില്പശാലയിൽ നടന്ന ചർച്ചകളിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ നയമം സമഗ്രമായി പരലിഷ്ക്കരിക്കുന്നതിന് പ്രമുഖ സഹകാരികളും വിദഗ്ധരും ഉൾപ്പെട്ട ഒരു സമിതിയെ നിയോഗിച്ചു. കൂടാതെ, സഹകരണ മേഖലയുടെ ആധുനികവത്കരണം, ഭാവി തലമുറയ്ക്ക് മാർഗ്ഗദർശനം നൽകുന്നതിന് ഒരു സഹകരണ മ്യൂസിയം സ്ഥാപിക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു.

### 9. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേപ്പിന്റെ കീഴിൽ 8 എൻജിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ.കോളേജും, ഒരു ഫിനിഷിംഗ് കോളേജും, ഒരു ആശുപത്രിയും പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് മുട്ടത്തറയിലും, തൃശൂരിൽ വടക്കാഞ്ചേരിയിലും പുതിയ എൻജിനീയറിംഗ് കോളേജിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ കേച്ചേരിയിൽ ഒരു ഫാർമസി കോളേജും ആരംഭിച്ചിട്ടുണ്ട്

### 10. ആലില, സുവർണ്ണകേരളം പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി 5 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുവാൻ 'ആലില' പദ്ധതി സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി.കൂടാതെ, നൂതനവും, ആരോഗ്യകരവുമായ കൃഷി രീതികളിലൂടെ പച്ചക്കറി കൃഷി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കി

**'സുവർണ്ണകേരളം'** പദ്ധതിയും സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവയിലൂടെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പി ~~[illegible]~~ പ്രവർത്തനങ്ങളും നടന്നുവരുന്നു.

## 11. അപ്പക്സ് സ്ഥാപനങ്ങൾ രൂപീകരിച്ചു

സഹകരണ മേഖലയുടെ വളർച്ചയ്ക്കും, പുരോഗതിക്കുമായി വിവിധ അപ്പക്സ് സ്ഥാപനങ്ങൾ രൂപീകരിച്ചു. ലേബർ കോൺട്രാക്റ്റ് സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായി ലേബർഫെഡ്, ടൂറിസം സംഘങ്ങൾക്കായി ടൂർഫെഡ് എന്നിവ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് സബ്സിഡിക്കു പുറമെ ഓഹരിയും അനുവദിച്ചു.

## 12 നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്

സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും കേരള സഹകരണ നിക്ഷേപ സുരക്ഷാനിധിയും ആയത് നടപ്പിൽ വരുത്തുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട്ബോർഡും രൂപീകരിച്ചു. ഒന്നര ലക്ഷം രൂപാ വരെയുള്ള നിക്ഷേപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരന്റി നൽകി വരുന്നു. നിലവിൽ ഈ സ്കീമിൽ 1872 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട് . നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 73,23,49,032 രൂപ സമാഹരിച്ചിട്ടുണ്ട്.

## 13 ഓപ്പറേഷൻ കുബേര

സ്വകാര്യപണമിടപാടുകാരുടെയും അമിതപലിശക്കാരുടെയും ചൂഷണത്തിൽനിന്നും സാധാരണ ജനവിഭാഗത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ കുബേര' പദ്ധതി വിജയിപ്പിക്കുന്നതിലേക്ക് സഹകരണ വകുപ്പ് പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. നിലവിലുള്ള വായ്പാ വിതരണ വ്യവസ്ഥകളും മാനദണ്ഡങ്ങളും കൂടുതൽ ഉദാരമാക്കി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ വ്യവസ്ഥയിലും കുറഞ്ഞ പലിശ നിരക്കിലും സഹകരണ സ്ഥാപനങ്ങളിലൂടെ വായ്പ ലഭ്യമാക്കാൻ കഴിഞ്ഞത് സഹകരണ വകുപ്പിന്റെ മാതകാപരമായ പ്രവർത്തനമായി വിലയിരുത്തിയിട്ടുണ്ട്.

## 14. സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം

സഹകരണ വകുപ്പിന്റെ ആസ്ഥാന ആഫീസും തിരുവനന്തപുരത്ത് വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് അനുബന്ധ ആഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി തൈക്കാട് വില്ലേജിൽ ജഗതി കല്പന കോമ്പൗണ്ടിൽ 65 സെന്റ് സ്ഥലത്ത് ആരംഭിച്ച സഹകരണ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

## 15. എന്റെ സംഘം

എന്റെ സംഘം ക്യാംപയിൻ . 2014 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയാണ് നടപ്പാക്കിയത്.ഓരോ വ്യക്തിക്കും താൻ അംഗമായ സംഘത്തോടുള്ള ആത്മബന്ധം ശക്തിപെടുത്തുന്നതോടൊപ്പം സംഘത്തിന്റെ പ്രവർത്തന തലങ്ങളിലും ആവശ്യമായ കാര്യക്ഷമത ഉറപ്പാക്കുന്നതിനും ഈ ക്യാംപയനിലൂടെ ഉദ്ദേശിച്ചിരുന്നു. സംഘത്തിന്റെ അടിസ്ഥാനരേഖകൾ രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ ഉൾകൊള്ളിച്ചു സൂക്ഷിക്കുന്നതിനും വായ്പ,നിക്ഷേപപ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും ,കുടിശ്ശിക നിവാരണ സംവിധാനം ക്രമീകരിക്കുന്നതിനും , ലൈബ്രറികളുടെ പ്രവർത്തനം സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനം ഇവ ശക്തിപ്പെടുത്തുന്നതിനും, കമ്പ്യൂട്ടർ വത്ക്കരണം ത്വരിതപെടുത്തുന്നതിനും സാദ്ധ്യമായ മറ്റ് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ടിരുന്നു.സഹകരണ മേഖലയും ജനങ്ങളും തമ്മിൽ വർദ്ധിച്ച ആത്മബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കിയ പദ്ധതി സഹകരണത്തിന്റെ ആത്മാവിനെ തൊട്ടറിയുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമായിരുന്നു.പദ്ധതി വൻവിജയമായിരുന്നു.

## 16. സംസ്ഥാന സഹകരണകാർഷികഗ്രാമവികസനബാങ്ക്.

കേരള സംസ്ഥാനസഹകരണ കാർഷികഗ്രാമവികസനബാങ്ക് പ്രാഥമിക ഗ്രാമവികസ നബാങ്കുകൾ മുഖേന നിക്ഷേപ സമാഹരണം നടത്തുന്ന പദ്ധതിക്ക് നാന്ദി കുറിക്കാൻ കഴിഞ്ഞത് സഹകരണനിക്ഷേപ മേഖലയിലെ മറ്റൊരു സുപ്രധാന ചുവടുവയ്പായിരുന്നു.പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നതിലൂടെ പുന:ധനസഹായം ഏജൻസികളിലും മറ്റ് വായ്പ സ്രോതസ്സുകളിലുമുള്ള അമിതമായ ആശ്രയത്വം കുറയ്ക്കുന്നതിനും അംഗങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സ്വന്തമായ വിഭവ സമാഹരണത്തിലൂടെ പ്രാദേശികമായി കൂടുതൽ വായ്പാതുക ലഭ്യമാക്കാനും കൂടുതൽ കർഷകരെ സാമ്പത്തിക സഹായത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും കഴിയുന്നു.

## 17.ഉത്തേജന പലിശയിളവ് പദ്ധതി

ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 'ഉത്തേജന പലിശയിളവ് പദ്ധതി' യിൽ പലിശ ലഭിക്കുന്നു.സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ആനുകൂല്യത്തിന് അർഹത :2012—ൽ ഈ പദ്ധതിയിലൂടെ 3 കോടി 63 ലക്ഷം രൂപയും 2014–2015 ൽ 1 കോടി രൂപയും 2015-2016 –ൽ 1 കോടി രൂപയും കർഷകർക്ക് പലിശയിളവ് നല്കിയിട്ടുണ്ട്.

## 18 മാനവവിഭവശേഷി വികസനത്തിനു മുൻതൂക്കം

സഹകരണ മേഖലയിലെ മാനവവിഭവ വികസനം ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിഞ്ഞു. ഉദ്യോഗസ്ഥതലത്തിൽ 2011–2015 ൽ 205 മാനേജ്മെന്റുകൾ സംഘടിപ്പിച്ചു. ആകെ 30623പേർ പരിശീലനത്തിൽ പങ്കെടുത്തു.

## 19. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക്

പൊതു വിപണിയിലെ സമയോചിതമായ ഇടപെടൽ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് വളരെയധികം സഹായിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡ് മുഖേന നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ജനപ്രിയമാക്കി.

പൊതുവിപണിയിൽ കൺസ്യൂമർ ഫെഡ് 2 വ്യത്യസ്ത സരണിയാണ് പ്രവർത്തനത്തിന് അവലംബിച്ചിട്ടുള്ളത്. സ്ഥിരം സംവിധാനവും, ഉത്സവകാല ചന്തകളും. സ്ഥിരസംവിധാനത്തിന്റെ ഭാഗമായി ആരംഭിച്ച നന്മ സ്റ്റോറുകൾ 10 തരം അവശ്യ നിത്യപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയെക്കാൾ 20 ശതമാനം കുറിച്ച് വിതരണം ചെയ്തുവരുന്നു.പ്രാഥമിക സഹകരണ സംഘങ്ങളും കൺസ്യൂമർ ഫെഡും നടത്തുന്ന 1168 നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നു. കൂടാതെ ത്രിവേണി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും സഞ്ചരിക്കുന്ന ത്രിവേണികളും കൂടാതെ ഒഴുകുന്ന ത്രിവേണികളും ത്രിവേണി കോഫി ഹൗസുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

## 20. പൗരവാകാശരേഖ

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സഹകരണ വകുപ്പിൽ പ്രഖ്യാപിച്ച നൂറുദിന കർമപരിപാടികൾ വിജയകരമായി പൂർത്തികരിച്ചു കൊണ്ടുള്ള തുടക്കം അഭിമാനിക്കത്തക്കതാണ്.പ്രസ്തുത പ്രവർത്തനങ്ങളിൽ ഏറ്റവും ചാരിതാർത്ഥ്യം നൽകിയത് പൗരവാകാശരേഖയുടെ പ്രകാശനം ആയിരുന്നു

## 21. സേവനാവകാശ നിയമം നടപ്പിലാക്കി

സേവനാവകാശ നിയമപ്രകാരം നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി തുടങ്ങിയവ പ്രസ്തുത വിജ്ഞാപനത്തിൽ നിർണ്ണയിച്ചിട്ടുണ്ട്.

**22. പ്രസാധനരംഗത്ത് നേട്ടം**

പ്രസിദ്ധീകരണ രംഗത്തെ നിത്യവിസ്മയമായ സാഹിത്യ പ്രവർത്തക സഹകരണ സംഘം കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ 1400 ലധികം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

**24. സഹകരണ മേഖലയിലെ ആധുനീകരണം**

സംസ്ഥാനസഹകരണ ബാങ്ക്, ജില്ലാസഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക വായ്പാ സംഘങ്ങൾ തുടങ്ങി സഹകരണ മേഖലയിലെ വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ആധുനിക വത്ക്കരണത്തിന് 2012-2013 ൽ തുടക്കം കുറിച്ചു. കമ്പ്യൂട്ടർവത്ക്കരണം, കോർബാങ്കിംഗ് സംവിധാനം, എ.റ്റി.എം സൗകര്യം എന്നിവയ്ക്ക് പുറമെ നിലവിലുള്ള സാങ്കേതിക സംവിധാനം മെച്ചപ്പെടുത്തുന്നതിനും, ആധുനിക സാങ്കേതിക സംവിധാനം പ്രയോജനപ്പെടുത്താനുമാണ് പ്രധാനമായും ആധുനികരണത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

**25. പദ്ധതി പ്രവർത്തനത്തിൽ മികച്ച നേട്ടം**

സഹകരണ വകുപ്പിന്റെ പദ്ധതിപ്രവർത്തനങ്ങളിൽ 2011 മുതൽ മികച്ച നേട്ടം കൈവരിക്കുന്നതിന് സാധിച്ചു. 2011-12 വർഷം 92.76 ശതമാനവും നേട്ടംകൈവരിക്കാനായി. വകുപ്പിന്റെ വിഹിതമായ 8700 ലക്ഷം രൂപയിൽ 8070.44 ലക്ഷം രൂപയും ചെലവഴിച്ചു. 2012 -2013ൽ 9368.48 ലക്ഷം രൂപയും 2013-2014 ൽ 89.52 ശതമാനവും (9802.57 ലക്ഷം രൂപ)ചെലവഴിച്ചു.2014-2015 -ൽ 25006.22 ലക്ഷം രൂപയും(91.13%)ചെലവഴിച്ചു

**26. സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ**

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഭാരവാഹികൾ, ജീവനക്കാർ, കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ പിരിവുകാർ, അശരണരായ സഹകാരികൾ,അംഗവൈകല്യം /മാനസികവൈകല്യം ബാധിച്ച കുട്ടികൾ ഉള്ള സഹകരണ സംഘം ജീവനക്കാർ ഇവർക്ക് വിവിധ കാലയളവുകളിലായി ധനസഹായ പദ്ധതികൾ, വേതന വർദ്ധനവ്, ജോലി സംരക്ഷണം നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

സഹകരണ സംഘം ജീവനക്കാർ, പെൻഷൻകാർ നിത്യനിധി പിരിവുകാർ, അപ്രൈസർമാർ, അശരണരായ സഹകാരികൾ, സഹകരണ സംഘം ഭാരവാഹികൾ തുടങ്ങി സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ശമ്പളം,പെൻഷൻ, കമ്മീഷൻ ,ഓണറേറിയം, ബത്ത തുടങ്ങിയവ കാലോചിതമായി പരിഷ്കരിച്ചു.

സംസ്ഥാനത്തെ സഹകരണ ജീവനക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ഈ സർക്കാർ അധികാരം എറ്റതിനുശേഷം 25.33 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി.

**27. വിവിധ വിഷയങ്ങളിൽ പഠനസമിതികൾ**

സഹകരണ മേഖലയിൽ ത്രിതല വായ്പ സംവിധാനം, ഘടന , വിപണന സംഘങ്ങൾ, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിവിധ പഠനസമിതികൾക്ക് രൂപം നൽകുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. കൂടാതെ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനും സഹകരണ മേഖലയിലെ നിക്ഷേപപിരിവുകാർ, ഗോൾഡ് അപ്രൈസർമാർ എന്നിവരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും രണ്ട് പ്രത്യേക പഠന സമിതികളും രൂപീകരിക്കുകയും റിപ്പോർട്ട് ലഭ്യമാക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

28. ആറ് ജില്ലാ സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്കിനും മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 199 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന് പ്രത്യേക ഓഹരി മൂലധന സഹായമായി 136 കോടി രൂപയും ഈ സർക്കാർ അനുവദിക്കുകയുണ്ടായി.

29.സഹകരണ നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി നിലവിലെ സഹകരണ നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്ക്കരിക്കുന്നതിനായി ശ്രീ.ശിവദാസൻ നായർ എ.എൽ.എ ചെയർമാനായി 19 അംഗ കമ്മിറ്റിയെ സർക്കാർ നിയമിക്കുകയും കമ്മിറ്റിയുടെ പ്രവർത്തനം നടന്നു വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ